പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3341 — 23.06.2014-ലെ മറുപടിക്ക്.

## മജിസ്ട്രേറ്റ് കോടതികളിൽ പി.എസ്.സി വഴി സ്ഥിര നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ | ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജി.ഒ (എം.എസ്) നമ്പർ 94/2014/ആഭ്യന്തരം 13.05.2014 എന്ന ഉത്തരവ് പ്രകാരം സ്ഥാപിച്ചിട്ടുള്ള മജിസ്ട്രേറ്റ് കോടതികളിൽ ടൈപ്പിസ്റ്റ്, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളിൽ പി.എസ്.സി വഴി സ്ഥിര നിയമനം നടത്തുന്നതിനു പകരം കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്താനൊരുങ്ങുന്നു എന്ന പരാതിയിൽ വാസ്തവമുണ്ടോ;<br>(ബി) വാസ്തവമാണെങ്കിൽ കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള നിയമനത്തിനു പകരം സ്ഥിരം നിയമനം നടത്തുന്ന കാര്യം പരിഗണിക്കാനാകുമോ;<br>(സി) പരിഗണിക്കാനാകില്ല എങ്കിൽ എന്താണ് കാരണമെന്ന് വിശദീകരിക്കുമോ? | : (എയും, ബിയും, സിയും) 13-ാം ധനകാര്യകമ്മീഷന്റെ ഗ്രാന്റ് വിനിയോഗിച്ചാണ് പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 27 താൽക്കാലിക കോടതികൾ സ്ഥാപിച്ചിരിക്കുന്നത്. ഗ്രാന്റിന്റെ കാലാവധി തീരുന്ന 31.05.2015 വരെയാണ് പ്രസ്തുത കോടതികൾ അനുവദിച്ചിരിക്കുന്നത് എന്നതിനാലാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ഉത്തരവായിട്ടുള്ളത്. ആയതിനാൽ സ്ഥിരം നിയമനം നടത്താൻ നിർവ്വാഹമില്ല. |

Seena.V

സെക്ഷൻ ഓഫീസർ